**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 298** **22-06-2026-ൽ മറുപടിയ്ക്ക്**

**<u>മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. കെ. രാജൻ

ശ്രീ. മുഹമ്മദ് മുഹസിൻ

ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ

ശ്രീ. സി. അജയപ്രസാദ്

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. എം. ഷാജി

(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

**(എ)** രാജ്യത്തെ ഗ്രാമീണ ജനതയുടെ ഉപജീവന മാർഗമായ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി തകർച്ചയിലാണെന്ന എൻ.ആർ.ഇ.ജി.എ.സംഘർഷ് മോർച്ച,ലിബ്ടെക് എന്നീ സംഘടനകളുടെ സംയുക്ത പഠന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;വിശദമാക്കാമോ;

**<u>മറുപടി:</u>** ശ്രദ്ധയിൽപ്പെട്ടിട്ടില്ല

**(ബി)** മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്ക് പകരമായി വികസിത് ഭാരത് — ഗ്യാരന്റി ഫോർ റോസ്ഗാർ ആന്റ് അജീവിക മിഷൻ എന്ന പുതിയ പദ്ധതി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചതുതന്നെ തൊഴിലുറപ്പ് പദ്ധതിയെ ഇല്ലാതാക്കാനാണ് എന്ന വിമർശനം പരിശോധിച്ചിട്ടുണ്ടോ;വിശദമാക്കാമോ;

**<u>മറുപടി:</u>** പരിശോധിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ 11.05.2026-ലെ S.O. നം. 2382 (E), 2383 (E) വിജ്ഞാപനങ്ങൾ പ്രകാരം 2026 ജൂലൈ 1 മുതൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന് പകരം വികസിത് ഭാരത് ഗ്യാരന്റി ഫോർ റോസ്ഗാർ ആന്റ് അജീവിക മിഷൻ (ഗ്രാമീൺ) ആക്ട്, (VB-G RAM G Act) 2025 രാജ്യത്ത് നടപ്പിലാകും. VB-G RAM G നിയമം പ്രകാരം ഗ്രാമീണ കുടുംബങ്ങൾക്കുള്ള തൊഴിൽ ദിനങ്ങൾ 100-ൽ നിന്നും 125 ദിവസമായി വർദ്ധിപ്പിച്ചിട്ടുണ്ടെങ്കിലും, പദ്ധതിയുടെ സാമ്പത്തിക സ്രോതസ്സിൽ വലിയ മാറ്റം വരുത്തിയിട്ടുണ്ട്. മുൻപ് അവിദഗ്ധ വേതനച്ചെലവ് പൂർണ്ണമായും കേന്ദ്ര സർക്കാർ വഹിച്ചിരുന്ന സ്ഥാനത്ത്, ഇനി മുതൽ 60% കേന്ദ്ര വിഹിതവും 40% സംസ്ഥാന വിഹിതവും (60:40) എന്ന അനുപാതത്തിലാണ് ഫണ്ട് നിശ്ചയിച്ചിരിക്കുന്നത്. കൂടാതെ, മുൻപത്തെ അവകാശധിഷ്ഠിത രീതിക്ക് പകരം, കേന്ദ്രം ചില സൂചകങ്ങളുടെ അടിസ്ഥാനത്തിൽ മുൻകൂട്ടി നിശ്ചയിക്കുന്ന ഒരു തുക മാത്രം അനുവദിക്കുന്ന രീതിയിലേക്ക് (Normative Allocation) മാറിയിരിക്കുന്നു. ഈ നിശ്ചിത പരിധിക്ക് മുകളിൽ വരുന്ന എല്ലാ അധികച്ചെലവുകളും പൂർണ്ണമായും അതത് സംസ്ഥാനങ്ങൾ തന്നെ വഹിക്കണമെന്ന് കർശനമാക്കിയത് സംസ്ഥാന സർക്കാരുകൾക്ക് വലിയ സാമ്പത്തിക ബാധ്യതയുണ്ടാക്കും. അതോടൊപ്പം, കാർഷിക കാലങ്ങളിൽ തൊഴിലാളികളെ ലഭ്യമാക്കാൻ ഒരു വർഷത്തിൽ 60 ദിവസങ്ങൾ പദ്ധതി നിർത്തിവെക്കാൻ പുതിയ നിയമത്തിൽ വ്യവസ്ഥ ഉണ്ട്. കൂടാതെ ഗ്രാമ

പഞ്ചായത്തുകളെ വിവിധ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ A, B, C എന്നിങ്ങനെ കാറ്റഗറി ആക്കണം എന്നും വ്യവസ്ഥ ഉണ്ട്. മഹാത്മഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഇല്ലാതിരുന്ന ഇത്തരം പുതിയ നിയന്ത്രണങ്ങൾ തൊഴിലുറപ്പ് പദ്ധതിയെ പ്രതികൂലമായി ബാധിക്കും.

**(സി)** തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിൽ ദിനങ്ങൾ നൽകുന്നതിനൊപ്പം ഗ്രാമീണ അടിസ്ഥാന സൗകര്യവികസനത്തിലും മുൻ സർക്കാർ ശ്രദ്ധ നൽകിയിരുന്നുവോ;വിശദമാക്കാമോ;

**മറുപടി:** മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിൽ ദിനങ്ങൾ ഉറപ്പാക്കുന്നതിനൊപ്പം ഗ്രാമീണ റോഡുകൾ, വർക്ക് ഷെഡ്ഡുകൾ, ഗ്രാമചന്തകൾ, തൊഴുത്ത്, ആട്ടിൻകൂട്, കോഴിക്കൂട്, അസോള ടാങ്ക്, കുളങ്ങൾ എന്നിവയുടെ നിർമ്മാണവും തീറ്റപ്പുൽകൃഷിയും ഏറ്റെടുത്തിരുന്നു. കൂടാതെ ശുചിത്വ-പരിസ്ഥിതി സംരക്ഷണം മുൻനിർത്തി കമ്പോസ്റ്റിംഗ് സംവിധാനങ്ങൾ, മിനി എം.സി.എഫ് (MCF), സോക് പിറ്റുകൾ, കമ്പോസ്റ്റ് പിറ്റുകൾ എന്നിവയുടെ നിർമ്മാണവും ഏറ്റെടുത്ത് നടപ്പിലാക്കുകയുണ്ടായി.

**(ഡി)** തൊഴിലുറപ്പ് പദ്ധതിയിൽ മുൻ സർക്കാർ നടപ്പാക്കിയ കേരള ട്രൈബൽ പ്ലസ് പദ്ധതി മുന്നോട്ടുകൊണ്ടുപോകാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്; വിശദമാക്കാമോ?

**മറുപടി:** 2025-26 സാമ്പത്തിക വർഷത്തിൽ ട്രൈബൽ പ്ലസ് പദ്ധതിയിൽ കുടിശ്ശിക ഉണ്ടായിരുന്ന ₹13.40 കോടിയിൽ ₹10 കോടി നിലവിൽ അനുവദിച്ച് നൽകിയിട്ടുണ്ട്. ബാക്കി ₹3.40 കോടി അനുവദിച്ചു നൽകുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. 2026 ജൂലൈ 1 മുതൽ VB-G RAM G നിയമം നിലവിൽ വരുന്ന സാഹചര്യത്തിൽ 2026-27 സാമ്പത്തിക വർഷം പട്ടികവർഗ്ഗ വികസന വകുപ്പ് ട്രൈബൽ പ്ലസ് പദ്ധതിയ്ക്ക് വേണ്ടി ബഡ്ജറ്റിൽ വകയിരുത്തിയ തുക കൊണ്ട് ട്രൈബൽ പ്ലസ് പദ്ധതി തുടർന്ന് നടപ്പാക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ സ്വീകരിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**